# ചൈതന്യം

കെ ആർ നാരായണൻ നമ്പൂതിരി

ചിരിക്കുന്ന പൂവും പരക്കും നിലാവും
ഉദിക്കുന്നസൂര്യൻ തിളയ്ക്കും വെയിലും
ചിരിക്കും കുരുന്നും തണുക്കുന്ന മഞ്ഞും
മയങ്ങുന്ന സന്ധ്യ പിടയ്ക്കുന്ന പ്രാണൻ
അലറിടും കടലിൽ അലിയുന്ന പുഴയും
മിടിക്കുന്നഹൃത്തിൽ തുടിക്കുന്ന ജീവൻ
കലങ്ങും മനസ്സിന്റെ കാലുഷ്യവർഷം
കുലംകുത്തിയൊഴുകുന്നൊരോർമ്മ പ്രവാഹം
ഇളകുന്ന കാറ്റിൽ, മരത്തിന്റെ കൊമ്പിൽ,
ചിലക്കുന്ന നാദം മുഴക്കുന്ന മന്ത്രം
ഈ വിശ്വ ചൈതന്യ വൈവിദ്ധ്യ ദൃശ്യം

Website: http://karanattu.wordpress.com
© K R Narayanan Namboothiri
Licensed under:
Creative Commons Attribution-Noncommercial-No Derivative Works 2.5 India License.